# സ്വാഗതം


## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- വാഹനത്തിന് ടെമ്പററി രെജിസ്ട്രേഷൻ നമ്പർ ലഭിച്ച ശേഷം മാത്രമേ നമ്പർ ബുക്ക് ചെയ്യുവാൻ സാധിക്കുകയുള്ളൂ.
- നമ്പർ ബുക്ക് ചെയ്യുവാൻ ആപ്ലിക്കേഷൻ നമ്പരാണ് ഉപയോഗിക്കേണ്ടത്. ടെമ്പററി രെജിസ്ട്രേഷൻ നമ്പർ, റെസീപ്റ്റ് നമ്പർ എന്നിവ ഉപയോഗിക്കുവാൻ സാധിക്കില്ല. ചെയ്സിസ് എടുത്ത് ബോഡി പണിയുന്ന വാഹനങ്ങൾക്കും അന്യ സംസ്ഥാനത്ത് നിന്നും ടെമ്പററി രെജിസ്ട്രേഷൻ എടുത്ത് വരുന്ന വാഹനങ്ങൾക്കും സംസ്ഥാനത്തെ ഓഫീസിൽ രജിസ്ട്രേഷനുള്ള ഫീസും നികുതിയും(ബാധകമെങ്കിൽ) ഒടുക്കുമ്പോൾ ലഭിക്കുന്ന ആപ്ലിക്കേഷൻ നമ്പർ ഉപയോഗിക്കാവുന്നതാണ്.
- ഒരു നമ്പർ ഒരാൾ മാത്രമാണ് ബുക്ക് ചെയ്തിട്ടുള്ളതെങ്കിൽ ലേലം കൂടാതെ തന്നെ ആ നമ്പർ ലഭിക്കുന്നതാണ്. ലേലം തുടങ്ങിയ ശേഷം ലോഗിൻ ചെയ്ത് എത്ര അപേക്ഷകർ ഉണ്ട് എന്ന് നോക്കി ഉറപ്പ് വരുത്തേണ്ടതാണ്.
- ഒരു നമ്പരിന് ഒന്നിലധികം അപേക്ഷകർ ഉണ്ടെങ്കിൽ ലേലത്തിലൂടെ തീർപ്പ് കൽപ്പിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ നിർബന്ധമായും അടിസ്ഥാന തുകയിൽ നിന്നും തുക ഉയർത്തേണ്ടതാണ്. അപേക്ഷകർ ആരും തന്നെ ലേല തുക ഉയർത്തിയില്ലെങ്കിൽ നമ്പർ ആർക്കും നൽകാതെ വീണ്ടും ബുക്ക് ചെയ്യുന്ന ലിസ്റ്റിലേക്ക് പോകുന്നതാണ്. പങ്കെടുക്കാത്തവരുടെ തുക മടക്കി നൽകുന്നതല്ല.

**ആദ്യമായി “parivahan.gov.in” പരിവാഹൻ പോർട്ടലിന്റെ ഹോം പേജിലെ “online services” എന്ന മെനുവിലെ “fancy number booking“ തിരഞ്ഞെടുക്കേണ്ടതാണ്**




ഫാൻസി നമ്പർ ബുക്കിങ്ങിനുള്ള ഹോം പേജിലേക്ക് ഇത് താങ്കളെ നയിക്കുന്നതാണ്. ഇവിടെയുള്ള **New public user** ഓപ്ഷൻ ഉപയോഗിച്ച് പുതിയ അക്കൗണ്ട് തുടങ്ങാവുന്നതാണ്.




## New public user ഓപ്ഷൻ അമർത്തുമ്പോൾ user sign up എന്ന പേജിലാണ് എത്തുന്നത്




**ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം sign-up അമർത്തുമ്പോൾ യൂസർ ഐ ടി ,പാസ്‌വേഡ് എന്നിവ ഇ-മെയിൽ , മൊബൈൽ നമ്പർ എന്നിവിടങ്ങളിലേക്ക് അയച്ചതായി സന്ദേശം ദൃശ്യമാകുന്നതാണ്**




യൂസർ ഐ ഡി പാസ്‌വേഡ് എന്നിവ ഇ-മെയിൽ /മൊബൈലിൽ ലഭിച്ച ശേഷം ഫാൻസി നമ്പർ ബുക്കിങ്ങിനുള്ള ഹോം പേജിലേക്ക് പോകേണ്ടതാണ്



ഇ-മെയിൽ /മൊബൈലിൽ ലഭിച്ച യൂസർ ഐ ഡി, പാസ്‌വേഡ് ഉപയോഗിച്ച് പ്രവേശിക്കുമ്പോൾ ആദ്യം പാസ്‌വേഡ് മാറ്റേണ്ടതാണ്. പാസ്‌വേഡിന്റെ നയം ഈ പേജിൽ നൽകിയിട്ടുണ്ട്. ആയതിന് അനുസരിച്ചുള്ള പാസ്‌വേഡ് നൽകി change ബട്ടൺ അമർത്തേണ്ടതാണ്.




യൂസർ ഐ ഡിയും പുതുക്കിയ പാസ്‌വേഡും ഉപയോഗിച്ച് വീണ്ടും ഫാൻസി പോർട്ടലിലേക്ക് പ്രവേശിക്കേണ്ടതാണ്. താഴെ കാണും പ്രകാരമുള്ള ഹോം സ്ക്രീൻ ദൃശ്യമാകുന്നതാണ്



**Number selection എന്ന മെനുവിൽ അമർത്തുമ്പോൾ Applicants home എന്ന് സ്ക്രീൻ ദൃശ്യമാകുകയും ഓഫീസ് തിരഞ്ഞെടുക്കുവാൻ സാധിക്കുന്നതുമാണ്**



നമ്പർ ബുക്ക് ചെയ്യേണ്ട ഓഫീസ് തിരഞ്ഞെടുത്ത് കഴിഞ്ഞാൽ നിലവിൽ ലഭ്യമായ വിജ്ഞാപനം ചെയ്തിട്ടുള്ള എല്ലാ നമ്പരുകളും ദൃശ്യമാകുന്നതാണ്. വിഞാപനം ചെയ്യാത്ത നമ്പരുകൾ ലഭിക്കുവാൻ "Enter Numeric Part of Choice / Other then Listed Number "എന്ന ഭാഗത്ത് അടിച്ചതിന് ശേഷം **Check Availability** ബട്ടൺ അമർത്തേണ്ടതാണ്. നമ്പർ ലഭ്യമാണെങ്കിൽ താഴെ ദൃശ്യമാകുന്നതാണ്. അല്ലാത്തപക്ഷം ലഭ്യമല്ല എന്ന സന്ദേശം ദൃശ്യമാകുന്നതാണ്.


Home ✔NumberSelection ⦿ Report ▾ Auction Services ▾ Welcome GANESH V P Logout

APPLICANTS HOME

Select RTO

TRIVANDRUM RTO


| Sr. No | Available Registration Number | Prescribed Reserve Fee | Select |
|---|---|---|---|
| 1 | KL01CK5005 | 25000 | ☐ |
| 2 | KL01CK5050 | 25000 | ☐ |
| 3 | KL01CK5353 | 5000 | ☐ |
| 4 | KL01CK5445 | 5000 | ☐ |
| 5 | KL01CK5454 | 10000 | ☐ |
| 6 | KL01CK5514 | 3000 | ☐ |
| 7 | KL01CK5551 | 3000 | ☐ |
| 8 | KL01CK5555 | 50000 | ☐ |
| 9 | KL01CK5599 | 3000 | ☐ |
| 10 | KL01CK5679 | 3000 | ☐ |
| 11 | KL01CK5775 | 3000 | ☐ |
| 12 | KL01CK5853 | 3000 | ☐ |

Enter Numeric Part of Choice / Other then Listed Number

Check Availability

| Sr.No | Available Registration Number | Prescribed Reserve Fee | Select |
|---|---|---|---|
| 1 | 6667 | 3000 | ☐ |

ആവശ്യമുള്ള നമ്പർ തിരഞ്ഞെടുത്തശേഷം **Continue to Register** എന്ന ബട്ടൺ അമർത്തി മുന്നോട്ട് പോകാവുന്നതാണ്. **BIDDER REGISTRATION** എന്ന പേജിലേക്കാണ് എത്തിച്ചേരുന്നത്. ആപ്ലിക്കേഷൻ നമ്പർ ഉപയോഗിച്ചാണ് മുന്നോട്ട് പോകേണ്ടത്. അപേക്ഷ സമർപ്പിച്ച ശേഷം മൊബൈലിൽ സന്ദേശം ആയി ഇത് ലഭിക്കുന്നതാണ്. അപേക്ഷകളിലും ടെമ്പററി രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലും ഈ നമ്പർ ലഭ്യമാണ്. ബാങ്ക് അകൌണ്ടിന്റെ പൂർണ്ണ വിവരങ്ങളും ഈ പേജിൽ ചേർക്കേണ്ടതാണ്.


BIDDER REGISTRATION

Application Number Of Purchased Vehicle Received From Dealer/ARTO: * [ ] Submit

Name of Purchaser(Owner Name): *
Ownership of Vehicle: * --Select Ownership--
S/O,D/O,W/O: *
Village/House No/Building No: *
Post/Street/Lane: *
City/Via/PS:
District: * Thiruvananthapuram
Pin Code: *
Applicant Mobile No.: * 9496328331
Email Id: * ganeshvp3@gmail.com
Select Address Proof/Licence Number: * ---Select One---
Address Proof No/Licence Number: *
Chassis Number: *
Engine Number.: *


Provide the bank details for refuned purpose(Bank details should be same as vehicle owner details).

Account Holder Name *
Account Number *
Minimum Lenth 11 Digits(If Less Put Zero's Before Prefix).
Select Account Type: ---Select One---
Bank Name *
Branch Name *
IFSC CODE *
MICR NUMBER *


I hereby declare that the above information is true and correct.

Submit Back


മേൽപ്പറഞ്ഞ വിവരങ്ങൾ സമർപ്പിക്കുമ്പോൾ തിരഞ്ഞെടുത്ത നമ്പരിനായി അടക്കേണ്ട അടിസ്ഥാന തുക അടക്കുവാനുള്ള സംവിധാനത്തിലേക്ക് പോകുന്നതാണ്. വിജയകരമായി തുക അടക്കുന്ന പക്ഷം രസീത് ലഭിക്കുന്നതും തുക അടച്ച വിവരങ്ങളും ലേലം തുടങ്ങുന്ന തിയതി, സമയം തുടങ്ങിയ വിവരങ്ങളും ഉൾപ്പടെ മൊബൈലിൽ സന്ദേശം ലഭിക്കുന്നതുമാണ്. ബുക്ക് ചെയ്യുന്ന ഓരോ നമ്പരിനും ഒരു **Unique Acknowledgement Number**-ഉം ലഭിക്കുന്നതാണ്.



ലേലം തുടങ്ങുന്ന സമയത്ത് വീണ്ടും **fancy number booking** പോർട്ടലിൽ പ്രവേശിച്ച് ലേല പ്രക്രിയയിൽ പങ്കാളിയാകാവുന്നതാണ്. ഇതിനായി **Auction Services Menu**-ലെ **Bidding Process** തിരഞ്ഞെടുക്കേണ്ടതാണ് .




**Auction Process മെനുവിൽ Unique Acknowledgement Number തിരഞ്ഞെടുക്കുവാനുള്ള ബട്ടൺ അമർത്തുമ്പോൾ നിലവിൽ ബുക്ക് ചെയ്തിട്ടുള്ളതും ലേലം നടക്കുന്നതുമായ എല്ലാ നമ്പരുകളും ദൃശ്യമാകുന്നതാണ്. ആയതിൽ ഒരെണ്ണം തിരഞ്ഞെടുത്ത് മുന്നോട്ട് പോകാവുന്നതാണ്.**



നമ്പർ തിരഞ്ഞെടുത്ത് കഴിഞ്ഞാൽ ഈ നമ്പരിന് എത്ര അപേക്ഷകർ ഉണ്ട്, നമ്മളുടെ ലേല തുക എത്രയാണ്, നിലവിലെ ഉയർന്ന തുക എത്രയാണ് എന്നൊക്കെ അറിയുവാൻ സാധിക്കുന്നതാണ്. ലേല തുക മാറ്റുവാനായി **Change Bid** എന്ന ബട്ടൺ അമർത്തേണ്ടതാണ്.



Increment Bid from എന്ന ഭാഗത്തെ Up/Down ബട്ടണുകൾ ഉപയോഗിച്ച് ലേല തുക മാറ്റാവുന്നതാണ്. നിലവിലെ ഉയർന്ന തുകയിൽ നിന്ന് 1000ത്തിന്റെ ഗുണിതങ്ങളിൽ തുക ഉയർത്താവുന്നതാണ്. ഒരു തവണ ഉയർത്താവുന്ന തുകയ്ക്ക് 10000 രൂപ എന്ന പരിധി ഉണ്ട്.



മാറ്റം വരുത്തി സമർപ്പിച്ച് കഴിഞ്ഞാൽ പ്രസ്തുത മാറ്റം ദൃശ്യമാകുന്നതാണ്. നമ്പർ ലഭിക്കുവാൻ ലേലം അവസാനിക്കുന്ന സമയം നമ്മുടെ ലേല തുകയും ഉയർന്ന ലേലത്തുകയും ഒന്നാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ലേലം അവസാനിച്ച ശേഷം ലേലത്തിൽ വിജയിച്ചോ പരാജയപെട്ടോ എന്ന വിവരം സന്ദേശമായി മൊബൈലിൽ ലഭിക്കുന്നതാണ്. വിജയിച്ചാൽ അടിസ്ഥാന തുകയ്ക്ക് ശേഷമുള്ള ബാക്കി തുക അടക്കേണ്ടതാണ്.

NumberSelection | Report | Auction Services | Welcome GANESH

## AUCTION PROCESS

Remaining Time 03:58:56

### Applicant Auction

FNKL19030025528( KL01CJ8080 )

| Sr No | Registration Mark | Reserve Price | Your Bid Amount | Total Applicant | Highest Bid Till Now | |
|---|---|---|---|---|---|---|
| 1 | KL01CJ8080 | 5000 | 6000 | 1 | 6000 | Change Bid |

Your Registration Mark of choice is:

Reserve Amount is: 0

Your Last Bid Amoutnt is: 0

Highest Bid Amount is: 0


Increment Bid From: 0 | Up | Down

Submit

**Note:-**


1. You can increment bid only multiple by 1000
2. After pressing the submit button if you want to change the bid amount then click Change Bid Amount Button again
3. You can increment 10000 by single submit

Auction Services Menu-ലെ Balance Amount Payment എന്ന ബട്ടൺ ഉപയോഗിച്ച് Pay Balance Amount എന്ന സ്ക്രീനിൽ എത്തുകയും ബാക്കി തുക ഒടുക്കേണ്ട നമ്പരിന് ലഭിച്ച് Unique Acknowledgement Number തിരഞ്ഞെടുത്ത് ഓൺലൈനായി തന്നെ ബാക്കി തുക ഒടുക്കാവുന്നതാണ്.



ലേലം കൊണ്ട മുഴുവൻ തുകയും അടച്ച് കഴിഞ്ഞാൽ ഓഫീസ് മേധാവി നമ്പർ അനുവദിച്ച് നൽകുന്നതാണ്. അതിന് ശേഷം റിപ്പോർട്ട് മെനുവിലെ **print allotment letter** എന്ന ഓപ്ഷൻ ഉപയോഗിച്ച് അനുമതി പത്രം പ്രിന്റ് എടുക്കാവുന്നതാണ്. നമ്പർ താങ്കൾക്ക് അനുവദിക്കപ്പെടുന്നത് ഈ അവസരത്തിലാണ്.



മറ്റ് ഫോറങ്ങൾക്കൊപ്പം നമ്പർ ലഭിച്ച അനുമതിപത്രവുമായി വാഹനം പരിശോധനക്ക് ഹാജരാക്കാവുന്നതാണ്.

Print | Back

**PROCEEDING OF THE REGISTERING AUTHORITY,RTO, TRIVANDRUM**

**Sub:** M. Vs Dept- Allotment of Reserved Registration Number-sanctioned orders-issue .reg.

**Ref:** Application for the reservation of registration number KL01CJ0002

**Order Number:- FNKL19030025517 Dated:- 16-03-2019**

More than one applications have been received for the reservation of the registration number Since more than one application was received for the particular registration number,auction had been conducted on **16-03-2019,** as laid down in the rule 95(4) of the Kerala Motor Vehicle Rule 1989.

**Applicants and their status at the end of the auction is as given**

| Name | Application Date | Attendance | Diff-Auction Amount |
|---|---|---|---|
| TEST | 15-03-2019 01:01:08 | Present | 10000 |

**The Highest Bidder TEST has remitted the balance of auction money.**

As mentioned above the registration number **KL01CJ0002** is reserved to **Sri/Smt TEST.** He/She is requested to produce the vehicle for registration within **5 days** from **16-03-2019** along with this order ,failing which this allotment is liable to be cancelled and reservation fee will be forfeited. The reservation amount will be refunded to the participated auction looser(s), on their application.

**Place: RTO, TRIVANDRUM**

**Print On: 16-03-2019**

**REGISTERING AUTHORITY/ADDNL REGISTERING AUTHORITY**

**RTO, TRIVANDRUM**

നന്ദി